**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5155** **21-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷി സമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന കൃഷി സമൃദ്ധി പദ്ധതിയുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ; | (എ) | കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യങ്ങളോടെ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ജനകീയ ക്യാമ്പയിന്റെ രണ്ടാംഘട്ടമായി രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് "കൃഷി സമൃദ്ധി". സംസ്ഥാനത്താകെ രൂപീകരിച്ചിട്ടുള്ള ഉല്പാദന-സേവന-മൂല്യവർദ്ധിത മേഖലകളിലെ കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണവും, ദ്വിതീയ കാർഷിക വികസനവും, ഭക്ഷ്യ സ്വയം പര്യാപ്തതയും, സുരക്ഷിത ഭക്ഷണവും, കർഷകരുടെ വരുമാന വർദ്ധനവും എന്ന ദൗത്യമാണ് ലക്ഷ്യം വക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് "കൃഷി സമൃദ്ധി" പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. ഒന്നാം ഘട്ടത്തിൽ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൃഷിവകുപ്പിന്റെയും വിഭവ സംയോജനത്തിലൂടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു സമഗ്ര കർമ്മപദ്ധതിയായാണ് കൃഷി സമൃദ്ധി നടപ്പാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപന വാർഡ് തലത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കി അവയെ പഞ്ചായത്ത്, നഗരസഭാ, ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ പിന്തുണ നൽകിക്കൊണ്ടും സാധ്യമായ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ചുകൊണ്ടും അനുകരണീയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ടുമാണ് പദ്ധതി നടപ്പാക്കുന്നത്.<br><br>തെരഞ്ഞെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വിവിധ വകുപ്പുകൾ, ഏജൻസികൾ |

എന്നിവ കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സംയോജനവും അതാത് തലങ്ങളിൽ പദ്ധതിയിലൂടെ ഉറപ്പ് വരുത്തുന്നു.

കൃഷി വകുപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച 'കതിർ' എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ കൃത്യതയാർന്ന വിവര ശേഖരണം സാധ്യമാക്കുന്നു. വാർഡ് തലത്തിൽ രൂപീകരിക്കുന്ന ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖ അനുസരിച്ച് പ്രാദേശിക അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതി ഘടകങ്ങൾ കണ്ടെത്തുകയും അവ കൃഷി വകുപ്പിന്റെ പദ്ധതികളോടൊപ്പം വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ കൂടി കൂട്ടിയിണക്കി നിർവ്വഹിക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിലുള്ള കൃഷിക്കൂട്ടങ്ങളെ ശാക്തീകരിക്കുകയും പുതിയ കൃഷിക്കൂട്ടങ്ങൾ ആവശ്യകത അനുസരിച്ച് രൂപീകരിക്കുകയും ചെയ്യുന്നു. പ്രവർത്തന സജ്ജമായ കൃഷിക്കൂട്ടങ്ങളെ കൂട്ടിയിണക്കി എഫ് പി ഓ കൾ (കർഷക ഉത്പാദക സംഘങ്ങൾ) സാധ്യമായ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും കൃഷിസമൃദ്ധി പദ്ധതിയുടെ ഭാഗമായി രൂപീകരിക്കും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും "കൃഷി സമൃദ്ധി"യുടെ ഭാഗമായി കൃഷിക്കൂട്ടങ്ങൾ പുനസംഘടിപ്പിച്ചു വരികയാണ്. ഇവയെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഫെഡറേറ്റ് ചെയ്ത് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**പദ്ധതി ലക്ഷ്യങ്ങൾ**

1. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു ;
2. കാർഷിക സാക്ഷരതാ യജ്ഞം.
3. കൃഷിക്ക് അനുയോജ്യമായ മുഴുവൻ പ്രദേശവും കൃഷി ചെയ്യുക.
4. പഴം പച്ചക്കറി അടക്കം സാധ്യമായ എല്ലാ ഭക്ഷ്യ വിളകളുടെയും ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക.
5. ദ്വിതീയ കാർഷിക വികസനത്തിന് (Secondary Agriculture) പ്രോത്സാഹനം നൽകുക.
6. ഉന്നത മൂല്യമുള്ള വിളകളുടെ കൃഷി വ്യാപിപ്പിക്കുക. മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുക.

7. NAWODHAN സ്കീം മുഖാന്തരം പരമാവധി കൃഷിയിടങ്ങൾ കൃഷിക്കായി തയ്യാറാക്കുക.
8. കർഷകരുടെ വരുമാനം ഇരട്ടിയാക്കുക. കൃഷിയിലൂടെസ്ഥായിയായ സാമ്പത്തിക ഉന്നമനം പ്രാദേശികതലം മുതൽ നേടിയെടുക്കുക.
9. യുവതയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക. ഒരു വാർഡിൽ നിന്നും 5 പുതിയ കർഷകരെ വീതം കണ്ടെത്തി പ്രതിവർഷം ഒരു ലക്ഷം യുവകർഷകരെ സൃഷ്ടിക്കുക.
10. കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.
11. നവീന കാർഷിക രീതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.
12. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷ്യോല്പാദനം പോഷക സമൃദ്ധി മിഷൻ,ജൈവ കാർഷിക മിഷൻ എന്നിവയെ സംയോജിപ്പിച്ച് നടപ്പിലാക്കുക .കേരളഗ്രോ ഗ്രീൻ/ഓർഗാനിക് ബ്രാൻഡിങ്ങോടെ ഇവയെ പൊതു ഇടങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കുക.
13. കാർഷിക മേഖലയിൽ സാധ്യമായ എല്ലാ പ്രവർത്തനങ്ങളിലും യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. KAMCO മുഖാന്തരം യന്ത്രവൽക്കരണ സംബന്ധമായ സഹായങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്
14. പ്രകൃതി വിഭവ പരിപാലനത്തിലൂടെ കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തരഫലങ്ങളെ ലഘൂകരിക്കുക .
15. കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുക.
16. പ്രാദേശിക വിപണന കേന്ദ്രങ്ങൾ ശാക്തീകരിച്ചും പുതിയ കേന്ദ്രങ്ങൾ സ്ഥാപിച്ചും വിപണികളെ തമ്മിൽ ബന്ധിപ്പിച്ചും സ്റ്റോക്ക് ആൻഡ് ലോജിസ്റ്റിക് മാനേജ്മെന്റ് നടപ്പിലാക്കിയും വിപണനമേഖല ശക്തമാക്കുക.
17. കാർഷിക മേഖലയിലൂന്നിയ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക.കാർഷിക മേഖലയിൽ മൂന്ന് ലക്ഷം പുതിയ തൊഴിലവസരങ്ങൾ 2026 ഓടെ സൃഷ്ടിക്കുക
18. മാതൃകാ കൃഷിയിടങ്ങൾ സൃഷ്ടിച്ച് കൃഷിയധിഷ്ഠിത വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക

| | | | |
|---|---|---|---|
| (ബി) | ആലപ്പുഴ ജില്ലയിലെ ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | ആലപ്പുഴ ജില്ലയിലെ വയലാർ, കഞ്ഞിക്കുഴി, ചേർത്തല തെക്ക്, ചേർത്തല മുൻസിപ്പാലിറ്റി, മാരാരിക്കുളം തെക്ക്, എടത്വ, കുമാരപുരം, ദേവികുളങ്ങര, ചുനക്കര, ബുധനൂർ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് കൃഷി സമൃദ്ധി പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ